# പട്ടങ്ങൾ

സെന്റ്.ജോസഫ്സ് സി.ജി.എച്ച്.എസ് കരുവന്നൂർ

# പഴഞ്ചൊല്ല്

1.മടിയൻ മലചുമക്കും.

2. ചൊട്ടയിലെ ശീലം ചുടലവരെ..

3.കാക്ക കുളിച്ചാൽ കൊക്കാകുമോ.

4.വിത്ത് ഗുണം പത്ത് ഗുണം.

5.വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

വേദ.എ.വി

# കവികളും വിളിപ്പേരുകളും

ശബ്ദ സുന്ദരൻ - വള്ളത്തോൾ

വാക്കുകളുടെ മഹാബലി -കുഞ്ഞിരാമൻ നായർ

കേരള സ്കോട്ട് -സി .വി രാമൻപിള്ള

മാതൃത്ത്യത്തിൻെ്റ കവി - ബാലാമണിയമ്മ

ആശയ ഗംഭീരൻ - ആശാൻ

**ഫാത്തിമ മിൻഹ**

# വൈക്കം മുഹമ്മദ് ബഷീർ

മലയാളം നോവലിസറ്റും കഥാകൃത്തും ആയിരുന്നു ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെട്ടിരുന്ന വൈക്കം മുഹമ്മദ് ബഷീർ. 1908 ജനുവരി 21ന് കോട്ടയം ജില്ലയിൽ ജനിച്ചു. 1982 ഇന്ത്യ ഗവൺമെൻറ്റ് അദ്ദേഹത്തെ പത്മശ്രീ പുരസ്കാരം നൽകി. 1970ൽ കേന്ദ്ര സാഹിത്യ.അക്കാദമി ഫെല്ലോഷിപ്പ് നൽകി. 1994 ജൂലൈ 5ന് കോഴിക്കോട് ജില്ലയിൽ വച്ചായിരുന്നു മരണം.

**മിൻഹ.പി.എ**

# ഉറൂബ്

മലപ്പുറം ജില്ലയിലെ
പൊന്നാനിയിൽ ജനനം
കേരളസാഹിത്യ അക്കാദമി
അധ്യക്ഷനായിരുന്നു.
കേന്ദ്ര-കേരള സാഹിത്യ അക്കാദമി
അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു,
അമ്മിണി,സുന്ദരികളും
സുന്ദരൻമാരും ,മിണ്ടാപ്പെണ്ണ്,
അണിയറ,രാച്ചിയമ്മ
തുടങ്ങിയവയാണ് കൃതികൾ.

ആയില്ല്യ

# പ്രകൃതിയാകുന്ന അമ്മ

അമ്മയെ  ഞാൻ കാണുന്ന
പുലരി തൻ സിന്ദൂരമായ്
വെളിച്ചമേകി അമ്മ
പുലരിയായി എത്തുന്ന
തൻ മധുരമുള്ള രാഗം
പകർന്നു തൻ
പുതിമാരാകുന്ന
കോകിലങ്ങളിലേക്ക്......!

കദീജ

# എന്റെ കേരളം

കേരകളുടെ നാട്
ദൈവം  തൻ   നാട്.
മഹാത്മാക്കൾ ജീവൻ
പൊലിഞ്ഞ ഭാരതഭൂമിയുടെ ഒരേട്.
ഹരിതത്താൽ നിറഭംഗിയാർന്ന നാട്.
അനേകം ഭാഷ മഹാന്മാരുടെ നാട്.

നസ്മ

# അമ്പിളി വീഴുമോ?

മാനത്തെയമ്പിളി -
പക്ഷിയെക്കണ്ടില്ലേ?
ആയിരം പക്ഷികൾ
വേറെയും കണ്ടില്ലേ?
അമ്മേയെനിക്കൊന്നാ
തോക്കു തരൂ ,ഇപ്പോൾ
ഞാനൊന്നു നോക്കട്ടെ
അമ്പിളി വീഴുമോ ?

അഫ്ന പി.ഡി

# നന്നാവുക സ്വയം

വലിയൊരു ലോകം.
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം
ഞാൻ
സ്വയം നന്നാവുക
ഈ വലിയ ലോകം
നന്നാവാൻ ഇതേ
ഒരു വഴി....

ദേവിക ബാബു

# ചെറുശ്ശേരി

ക്രി.വ  പതിനഞ്ചാം നൂറ്റാണ്ടിൽ
കേരളത്തിൽ ജീവിച്ചിരുന്ന മഹാകവി .
ഭാഗവതം ദശമസ്കന്ദത്തെ
ആധാരമാക്കി രചിച്ച
കൃഷ്ണഗാഥയാണ് അനശ്വരനാക്കിയ
കൃതി.
പ്രാചീന കവിത്രയത്തിൽപ്പെടുന്ന
കവിയാണ് ചെറുശ്ശേരി.

അഞ്ചിത ട്ടി.എസ്

# നാരായൻ

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെടുന്ന കുടയത്തൂരിൽ 1940 sep 26-ന ജനിച്ചു. 'കൊച്ചരേത്തി' യാണ് ആദ്യനോവൽ . വന്നല,ആരാണു തോൽക്കുന്നവർ  എന്നിവയാണു പ്രധാന കൃതികൾ. കൊച്ചരേത്തിക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

നദ നസ്റിൻ

# ജവഹർലാൽ നെഹ്റു

അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു .ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി .15ാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി.1912-ൽ ഇന്ത്യയിൽ തിരിച്ചെത്തി .പല പ്രാവശ്യം ജയിലിൽ കഴിഞ്ഞു.ഇന്ത്യയെ കണ്ടെത്തൽ, ഒരച്ചൻ മകൾക്ക് അയച്ച കത്തുകൾ എന്നിവ പ്രധാന കൃതികൾ.

നബ ഫാത്തിമ

# അടൂർ ഗോപാലകൃഷ്ണൻ

1941 ൽ അടൂരിൽ ജനനം.പതിനൊന്ന്
കഥാചിത്രങ്ങളും മുപ്പതിലേറെ
ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തു.
നിരവധി ദേശീയ-അന്തർദേശീയ
ബഹുമതികൾ
ലഭിച്ചു.സ്വയംവര,കൊടിയേറ്റം,വിധേയൻ,
മതിലുകൾ എന്നിവ പ്രധാന ചിത്രങ്ങൾ.
മികച്ച സിനിമക്കുള്ള ദേശീയ
അവാർഡുകൾ ആറുതവണ  ലഭിച്ചു.
സിനിമയുടെ ലോകം,
സിനിമാനുഭവം,എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.

ഫിദ കെ.ആർ

# കടംകഥകൾ

1.മലയിൽ നട്ട വാഴ കടലിൽ കുലച്ചിറങ്ങി.
ഉ.സൂര്യൻ

2.മണ്ണിനുള്ളിൽ പൊന്നെഴുത്താണി.
ഉ.ഞാഞ്ഞൂൽ

3. മണ്ണിനുള്ളിൽ കൊച്ചുരുളി.
ഉ.ചേന

4.മണ്ണിൽ മുളക്കാതെ മരത്തിൽ പടർന്നു.
ഉ.ചിതൽ

5.മണ്ണു തിന്ന് പൊണ്ണനായി.
ഉ.ഞാഞ്ഞൂൽ

അനാമിക പി.എസ്

# പ്രഭാതഭംഗി

ഉദയസൂര്യന്റെ സ്വർണ്ണരശ്മികളാൽ സമൃദ്ധമായ പ്രഭാതം.മകരവാസ പുലർക്കാലം.പച്ചപരവതാനി വിരിച്ച നെൽപ്പാടങ്ങൾ.കളകളാരവമുയർത്തി ഒഴുകിവരുന്ന താമരകൾ ധാരാളമായ തോട്.സുന്ദരമായ നാദത്തോടെ പാടിയുണർത്തുന്ന കുയിലുകൾ.നല്ല പ്രഭാതം

ശിവാനി അനിൽകുമാർ

# മനോഹരമായ സന്ധ്യ

സ്വർണ്ണകിരണങ്ങളാൽ സമൃദ്ധമായ
അസ്തമയ സൂര്യൻ. തിരികെ
കൂട്ടുകളിലേക്ക് പാറിപ്പറക്കുന്ന
പക്ഷികൾ. സൂര്യൻ വിടചൊല്ലി
നിലാവിനെ വരവേൽക്കുന്ന
സുന്ദരമായ ഒരനുഭൂതി.
തീപ്പെരിയാകുന്ന ചൂട് മാറി
കുളിർമയേകുന്ന രാത്രി വരവായി.
വാനത്ത് വെള്ളിത്തിളങ്ങുന്ന
നക്ഷത്രങ്ങൾ..

ആവണി പി.എസ്

# നശിക്കുന്ന നാട്

എന്നുമീ ലോകത്തിൽ പലതരം
വാർത്തകൾ ; കുറ്റങ്ങൾ മോഷണങ്ങൾ
കൊലപാതകങ്ങൾ,മയക്ക്മരുന്നിനാൽ
നാടുനശിക്കുന്നു
നടപടികൾ ചെമ്മേ നടപ്പിലാക്കാൻ
ആരുമില്ലേ ഈ ഭൂമിയിൽ....

സാലിമ സെക്കീർ
പി.എസ്

# മാതാപിതാക്കൾ

ഉള്ളിലെത്ര
വിങ്ങലുണ്ടായാലും
മങ്ങലേക്കാത്ത ചിരിയാണ്
എന്റെ അമ്മയ്ക്കുള്ളത്.

ആ ചിരിയെ സ്നേഹത്താൽ
കാത്തുസൂക്ഷിക്കുന്നത്
എന്റെ അച്ഛനും

ഗാഥ ഗിരീഷ്

# കടങ്കഥ

1.അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും നേരെ നിന്ന് സത്യം പറയും?
ഉ.ത്രാസ്സ്

2.മുള്ളുണ്ട് മുരിക്കല്ല, കൈപ്പുണ്ട് കാഞ്ഞിരമല്ല?
ഉ.പാവക്ക

3.ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്
ഉ.ചൂല്

4.ആനയിലുണ്ട് ചേനയിലില്ല,ഇമയിലുണ്ട് ഇഷ്ടത്തിലില്ല.രണ്ട് അക്ഷരമുള്ള ഞാൻ ആര്?
ഉ.ആമ
5.അമ്മയെ കുത്തി മകൻ മരിച്ചു
ഉ.തീപ്പെട്ടി

ഋതുപർണ്ണ പി.ബി

# കുഞ്ചൻ നമ്പ്യാർ

മെയ് 5 ജനനം

പ്രമുഖ മലയാള ഭാഷാ കവിയാണ്

തുള്ളൽ പ്രസ്ഥാനത്തിന്റെ

ഉപജ്ഞാതാവ്

ജനകീയ കവി

മാർച്ച് 14 അന്തരിച്ചു

ക്രുഷ്ണ കൃപ

സെന്റ്.ജോസഫ്സ് സി.ജി.എച്ച്.എസ് കരുവന്നൂർ

# സി.എച്ച്.കുഞ്ഞപ്പ

കണ്ണൂർ ജില്ലയിലെ വെരളശ്ശേരി,ചന്ത്രാത്ത് 1907-ൽ ജനിച്ചു.വിവർത്തനങ്ങൾ, ഗദ്യകാരൻ എന്നീ നിലകളിൽ പ്രസിദ്ദൻ.പത്രാധിപരായും അധ്യാപകനായും പ്രവർത്തിച്ചിട്ടുയണ്ട്. ജവർഹർലാൽ നെഹ്റുവിന്റെ ആത്മകഥ,ഇന്ത്യയെ കണ്ടെത്തൽ തുടങ്ങിയവ വിവർത്തനം ചെയ്തു
1980ൽ അന്തരിച്ചു.

ജെനീലിയ സി.എ

# വയലാ വാസുദേവൻ പിള്ള

കേരളത്തിലെ പ്രമുഖ
നാടകകാരനായിരുന്നു വയലാ
വാസുദേവൻ പിള്ള.
തൃശ്ശൂർ സ്ക്കൂൾ ഓഫ് ഡ്രാമയുടെ
ഡയറക്ടറും
കേരള സർവ്വകലാശാലയുടെ കീഴിലുള്ള
സെന്റർ ഫോർ പെർഫോമിങ് ആന്റ്
വിഷ്വൽ ആർട്സ് ഡയറക്ടറുമായിരുന്നു.
പാശ്ചാത്യ നാടക സങ്കൽപ്പങ്ങളെ
മലയാളിക്കു പരിചയപ്പെടുത്തുന്നതിൽ
അദ്ദേഹം നല്ല പങ്കുവഹിച്ചു.

ഐശ്വര്യ

# എങ്ങനെ ഭൂമിയെ സംരക്ഷിക്കാം?

മനുഷ്യൻ ചെയുന്ന എല്ലാപ്രവർത്തനങ്ങളും മറ്റ് ജീവികളുടെ ജീവിതത്തെ ബാധിക്കുന്നതിനാൽ ഭൂമിയെയും അതിൻറെ വിഭവങ്ങളെയും സംരക്ഷിക്കാൻ മനുഷ്യർ നടപടികൾ എടുക്കണം. മാലിന്യങ്ങൾ നദികളിലേക്ക് നിക്ഷേപിക്കുന്നത് നിർത്തണം.മാലിന്യങ്ങൾ നദിയിലേക്ക് നിക്ഷേപിക്കുമ്പോൾ ജലം മലിനമാവുകയുംഅത് ഉപയോഗശൂന്യമാവുകയും ചെയ്യുന്നു.

മരങ്ങളും ചെടികളും വെട്ടി നശിപ്പിക്കുന്നത് നമ്മൾ പ്രകൃതിയോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. മാലിന്യങ്ങൾ കെട്ടിക്കിടക്കുമ്പോൾ അത് മറ്റ് പല പ്രകൃതി ദുരന്തത്തിനും കാരണമാകുന്നു. ജലം , ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്ക് ഉള്ള അസംസ്കൃത വസ്തുക്കൾ പ്രകൃതിയുടെ വരദാനമാണ്.
നാം ജീവിക്കുന്ന പ്രകൃതി നമ്മൾക്ക് വേണ്ടി പലതും ചെയ്യുന്നു. മനുഷ്യനെ ഇത് മനസ്സിലാക്കാതെ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.നമ്മൾ ഓരോരുത്തരും ദിവസവും ഓരോ ചെടി വെച്ചു പിടിപ്പിക്കണം എന്ന് വിചാരിച്ച് കഴിഞ്ഞാൽ നമുക്ക് നമ്മുടെ ഭൂമിയെ തിരിച്ചെടുക്കാൻ സാധിക്കും.നമ്മൾ പ്രകൃതിയെ കൊല്ലുകയല്ല വേണ്ടത് പകരം അതിനെ പരിപാലിക്കുകയാണ് വേണ്ടത്.ഭൂമി നേരിടുന്ന മറ്റൊരു പ്രശ്നമാണ് വയലുകളും കുന്നുകളും എല്ലാം ഇടിച്ചുനിരത്തി അവിടെ വലിയ കെട്ടിടങ്ങൾ പണിയുന്നത്.ഇന്ന് നമുക്കുള്ള നിയമങ്ങളും സംവിധാനങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് മതിയാവാതെ പോകുന്നു.നമ്മുടെ പ്രകൃതിയിൽ പൊള്ളലും പ്രകൃതിക്ഷോഭങ്ങളും രോഗങ്ങളും ജലക്ഷാമവും ഉണ്ടാവുന്നത് നമ്മുടെ പ്രവൃത്തികൾ മൂലമാണ്.അത് മനസ്സിലാക്കി നമുക്ക് ജീവിക്കാം.അപ്പോൾ പ്രകൃതിക്കൊപ്പം നമ്മൾക്കും സന്തോഷിക്കാം.

ദിയ ദീപക്ക്

# കവിയും തൂലികാനാമവും

1. ബേപ്പൂർ സുൽത്താൻ-ബഷീർ
2. ഭാഷയുടെ പിതാവ് - എഴുത്തച്ഛൻ
3. ജനകീയ കവി - കുഞ്ചൻ നമ്പ്യാർ
4. ആശയ ഗംഭീരൻ - ആശാൻ
5. കേരള പാണിനി -എ ആർ രാജരാജവർമ്മ
6. ശക്തിയുടെ കവി -ഇടശ്ശേരി
7. കേരള മോപ്പസാങ് - തകഴി .
8. കേരളത്തിൻെറ ഓർഫ്യൂസ് - ചങ്ങമ്പുഴ

മിന്ന മനോജ്

സെൻ്റ്.ജോസഫ്സ് സി.ജി.എച്ച്.എസ് കരുവന്നൂർ

# കരിയിലയും മണ്ണാങ്കട്ടയും

ഒരിക്കൽ ഒരിടത്ത് കരിയിലയും മണ്ണാങ്കട്ടയും ഉണ്ടായിരുന്നു . ഇവർ നല്ല കൂട്ടുക്കാരായിരുന്നു . എന്നാൽ മഞ്ഞുകാലമായതിനാൽ കാറ്റ് കൂടുതൽ അയിരുന്നു.
ശക്തമായ കാറ്റിൽ കരിയില പറന്നു പോകുവാൻ സാധ്യത ഉണ്ടായിരുന്നു . ഇതു മനസ്സിലാക്കിയ മണ്ണാങ്കട്ട കരിയിലയുടെ മുകളിൽ കയറി ഇരുന്നു . ഇതു മൂലം കരിയിലയുടെ ജീവൻ മണ്ണാങ്കട്ട രക്ഷിച്ചു.

വേദിക ടി.ഷാജു

# കേരളത്തിന്റെ പ്രകൃതിസൗന്ദര്യത്തിന്റെ മഹത്വം

ദൈവത്തിന്റെ സ്വന്തം നാട്" എന്നറിയപ്പെടുന്ന കേരളം , വ്യതിരിക്തമായ പാരമ്പര്യത്തിനും പേരുകേട്ട ഇന്ത്യയിലെ ഒരു തീരദേശ സംസ്ഥാനമാണ് . അതിന്റ സമൃദ്ധമായ ഉഷ്ണമേഖലാ സൗന്ദര്യവും വിചിത്രമായ പ്രദേശങ്ങളും ശാന്തമായ കായലുകളും ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നു . മനോഹരമായ പ്രകൃതിദൃശ്യങ്ങളക്ക് പുറമേ , സമ്പന്നമായ വന്യജീവികൾക്കും വിപുലമായ ക്ഷേത്രങ്ങൾക്കും കേരളം പേരുകേട്ടതാമണ്.

അഞ്ചിത ലക്ഷ്മി വി.ആർ

സെന്റ്.ജോസഫ്സ് സി.ജി.എച്ച്.എസ് കരുവന്നൂർ

# പി . ഭാസ്കരൻ

കവി , ഗാനരചിയതാവ് ,
ചലച്ചിത്രകാരൻ ,
മാധ്യമപ്രവർത്തകൻ , എന്നി
നിലകളിൽ പ്രശസ്തൻ . ഇദ്ദേഹത്തെ
യൂസുഫ് കേച്ചേരി
മലയാളഗാനങ്ങളുടെ പിതാവ് എന്നു
വിളിക്കുന്നു . ദീപിക പത്രാതിപർ ,
ഏഷ്യാനെറ്റിന്റ ആദ്യ ചെയർമാൻ
എന്നി  പദവികൾ വഹിച്ചിട്ടുണ്ട് .
പ്രധാന കൃതികൾ :- കായൽക്കാറ്റ് ,
രണഭേരി .

നജ ഫാത്തിമ

# വൈലോപ്പിള്ളി ശ്രീധരമേനോൻ

ജീവിതയാഥാർത്ഥ്യങ്ങളെ പച്ചയായി
ചിത്രീകരിക്കുന്ന കവിതകൾ എഴുതി
ശ്രദ്ധേയനായ മലയാള
സാഹിത്യകാരനായിരുന്നു
വൈലോപ്പിള്ളി ശ്രീധരമേനോൻ .
എറണാകുളം ജില്ലയിൽ
തൃപ്പൂണിത്തുറയിൽ കൊച്ചുകുട്ടൻ
കർത്തയുടെയും
നാണിക്കുട്ടിയമ്മയുടേയും പുത്രനായി
ജനിച്ചു.
സസ്യ ശാസ്ത്രത്തിൽ ബിരുദമെടുത്തതിനു
ശേഷം
1931-ൽ അദ്ധ്യാപനവൃത്തിയിൽ
പ്രവേശിച്ചു.

ആൻസിന ഷിബു

# ഉള്ളൂർ

മലയാള ഭാഷയുടെ പ്രമുഖ കവിയും പണ്ഡിതനുമായ മഹാകവിയാണ് ഉള്ളൂർ എസ് പരമേശ്വരയ്യർ 1877 ജൂൺ 6 ന് താമരശ്ശേരി എന്ന സ്ഥലത്ത് ജനിച്ചു . സാഹിത്യ ചരിത്രത്തിൽ ആധുനിക കവിത്രയങ്ങളിൽ ഒരാളാണ് ഉള്ളൂർ . ഭാഷാ ഗവേഷകൻ . 1949 ജൂൺ 15നാണ് അന്തരിച്ചത്.

സൻഹ എസ്.എസ്

# എൻ . എൻ കക്കാട്

കക്കാട് നാരായണൻ
നമ്പൂതിരി.കോഴിക്കോട് ജില്ലയിൽ ജനിച്ചു.
കൃതികൾ : ശലഭഗീതം,കവിത,
പാതാളത്തിന്റ മുഴക്കം,കൊല്ല് കൊല്ല്.
കേരളസാഹിത്യ അക്കാദമി
അവാർഡ്,വയലാർ അവാർഡ് ലഭിച്ചു.
1927ൽ അന്തരിച്ചു.

ആവണി വി.ബി

# സ്വപ്നം

ഉണരുവിൻ നിൻ സ്വപ്നങ്ങളിൽ നിന്ന്
പുതുലോകത്തെ വിസ്മയിപ്പിക്കാനായി
നിനക്കായ് ലോകം ഒരുക്കുന്നു
അവസരങ്ങൾ നഷ്ടപ്പെടാതെ
സൂക്ഷിക്കുവിൻ സ്വപ്നങ്ങൾക്ക്
അതിരില്ല. കാണുവിൻ സ്വപ്നം
നേടുവിൻ വിജയം. ലോകം നിന്നെ
കാത്തിരുപ്പൂ പറന്നുയരുവിൻ നീ....

അനുഷ വി.എസ്

# ഹരിതാപമി ഭ്രൂമി

പ്രക്രതിയിൽ അനശ്വരമായതും,
കണ്ണിനുകുളിർമയും മനസ്സിന് ശാന്തിയും
സമ്മാനിക്കുന്ന വൈവിധ്യങ്ങളുടെ
കലവറകളാണ് ഈ ഹരിതാപമായ
ഭ്രൂമി.പ്രകൃതിയിലെ ഓരോ ജീവജാലങ്ങളും
അവയുടെ ചുറ്റുപാടുകളും വരുത്തുന്ന
മാറ്റങ്ങൾ ഈ ഭ്രൂമിയെ അനുദിനം
മനോഹരമാക്കുന്നു.നമുക്കും നല്ലൊരു
ഭാവിക്കായി ഭ്രൂമിയെ ഹരിതാപമായി
സംരക്ഷിക്കാം.

ശ്രീക്കുട്ടി രാജൻ

# സ്നേഹം

ജീവിതം തന്നത് അമ്മയെന്നാൽ
സ്നേഹം തന്ന് നെഞ്ചിലുറക്കിയത്
അച്ഛനല്ലോ
പൊള്ളുന്ന വെയിലത്തും കോരി
മഴയെത്തും
ഞങ്ങളെ ഊട്ടിയത്   അച്ഛനല്ലോ !
പിച്ചവെക്കുമ്പോഴും വീഴാതെ കാത്തിടും
ദൈവത്തിൻ കൈകൾ അച്ഛനല്ലോ
സ്നേഹമാം താരാട്ടുപാടിയുറക്കിയത്
അമ്മയല്ലോ
ഈ രണ്ടുപേർ എൻ ജീവിതവീഥിയിൽ
സ്നേഹം പകരാൻ ദൈവം
തന്നതല്ലോ........

വരദ ട്ടി. എസ്

# മഴ

ഉച്ചനേരത്തെ കൊച്ചും മയക്കത്തിൽ
പിച്ചവെച്ചെത്തിയ കാർമുകിലേ തല്ലിച്ചിതുമാ
ചില്ല കണക്കെ എൻ മുന്നിൽ!
ഉന്മാദ - യായി നീ പൊഴിഞ്ഞു.
തൈമാവിലെ പൂത്ത ആടുന്ന
കൈതോലക്കൂട്ടങ്ങളും വെയിലിൽ
മയങ്ങും വയൽപ്പൂക്കളും മഴയൊരു
ശീതക്കായിട്ടുന്നയെൻ
മനമൊരു മയിലായ് ആടിക്കുന്നു..........

വിസ്മയ

# എം ടി വാസുദേവൻ നായർ

നോവലിസ്റ്റ്,തിരക്കഥാകൃത്ത്,

ചലച്ചിത്രസംവിധായകൻ, സാഹിത്യകാരൻ,
നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ
മലയാളിയാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ
നായർ എന്ന എം ടി വാസുദേവൻ നായർ.
മലയാളസാഹിത്യത്തിലും ചലച്ചിത്രരംഗത്തും
വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം.ടി എന്ന
ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. അദ്ധ്യാപകൻ,
പത്രാധിപൻഎന്നീ നിലകളിലും പ്രവർത്തിച്ച
ഇദ്ദേഹത്തിന് പത്മഭൂഷൺ, ജ്ഞാനപീഠം
എഴുത്തച്ഛൻ പുരസ്കാരം,ജെസി ഡാനിയൽ
പുരസ്കാരം, പ്രഥമ കേരള ജ്യോതി
പുരസ്കാരം,കേരള നിയമസഭ പുരസ്കാരം
പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ആദിത്യ വി. എസ്

# കുഞ്ഞുണ്ണി കവിതകൾ

1.വായിച്ചാൽ വളരും വായിച്ചില്ലേലും വളരും
വായിച്ചു വളർന്നാൽ വിളയും വായിക്കാതെ
വളർന്നാൽ വളയും..!
2.പൊക്കമില്ലാത്തതാണെന്റെ പൊക്കം.
3കപടലോകത്തിലെന്നുടെ കാപട്യം സകലരും
കാണ്മതാണെൻ പരാജയം.
4 .ചെടി വെച്ചു പിടിപ്പിക്കു ചൊടിയുള്ള കിടാങ്ങളെ.
5.ഒരു മരം വെട്ടുമോ
നീ ഒരു മരം വെയ്ക്കണം.

**എഞ്ചലിന ജോബി.**

# തൃശ്ശൂരിൻ്റെ ഗാംഭീര്യം

തെങ്ങുകളും വയലുകളൊള്ളൊരു
തൃശ്ശൂർ ആണ് എൻ്റെ നാട്
എണ്ണിയാൽ തീരാത്ത
ചന്തം കുറയാതെ തൃശ്ശൂർ
പൂരങ്ങളിൽ പേരുകേട്ടൊരു
പെരുമയുടെ നാട്
എന്തെല്ലാം വന്നാലും
എന്തെല്ലാം പോയാലും
ചന്തത്തിൽ ഭംഗി എൻ നാട്.......!

അനുപ്രിയ

# മാധവിക്കുട്ടി

ഒരു ഇന്ത്യൻ ഇംഗ്ലീഷ് -മലയാളം

സാഹിത്യകാരിയായിരുന്നു. മലയാള
രചനകളിൽ

മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷ്
രചനകളിൽ

കമലാസുരയ്യ എന്ന പേരിലുമാണ്
അവരുടെ

രചനകൾ നടന്നിരുന്നത്. മാർച്ച്
31,1934

ജനിച്ചു. 2009 മേയ്യ് 31-ന് മരണപ്പെട്ടു.

റംസീന കെ. ആർ

# വാകമരം

മുറ്റമാകെ പരന്നു
നിൽക്കുന്ന
വാകമരമേ നീ
ഞങ്ങളുടെ മനസ്സിനു
കുളിർമയും
കിതപ്പുകക്ക്
ആശ്വാസവുമേകുന്ന
സ്നേഹമരമലോ നീ............

ജ്യോത്സ്ന

നന്ദി....